**റൂളിംഗ്**

<u>ബിൽ ക്രമപ്രകാരമല്ല എന്നത് സംബന്ധിച്ച്</u>

<u>മി. സ്പീക്കർ</u> : 2017-ലെ കേരള ധനകാര്യ ബിൽ അവതരിപ്പിക്കുന്നത് ക്രമപ്രകാരമല്ല എന്നതാണ് ശ്രീ. വി. ഡി. സതീശൻ ഇവിടെ ഉന്നയിച്ച ക്രമപ്രശ്നം. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വിശദീകരണം നൽകുകയുണ്ടായി. 2003-ലെ കേരള മൂല്യവർദ്ധിത നികുതി നിയമപ്രകാരം മുൻവർഷം ഏർപ്പെടുത്തിയ നികുതിക്ക് ഈ വർഷത്തെ ബഡ്ജറ്റിലൂടെ ഇളവ് പ്രഖ്യാപിച്ച സാഹചര്യത്തിൽ മുൻവർഷം ഈടാക്കിയ നികുതി തിരിച്ചുകൊടുക്കുന്നത് ഒഴിവാക്കാൻ ഉദ്ദേശിച്ചുകൊണ്ടാണ് പ്രസ്തുത നിയമത്തിൽ ഭേദഗതി നിർദ്ദേശിച്ചിരിക്കുന്നത്. ക്രമപ്രശ്നത്തിൽ ഉന്നയിച്ചതുപോലെ ഒരു എക്സിക്യൂട്ടീവ് ഓർഡറിലൂടെയാണ് ഇത് നടപ്പാക്കുന്നതെങ്കിൽ അതിന് നിയമപ്രാബല്യം ഉണ്ടാകാൻ ഇടയില്ലായെന്നും കോടതി ഇടപെടലുകൾക്ക് ഇടയാകുമെന്നും ന്യായമായും കരുതാവുന്നതാണ്. അതുമാത്രമല്ല 2003-ലെ കേരള മൂല്യവർദ്ധിത നികുതി നിയമത്തിനുപുറമെ മറ്റ് നാല് നിയമങ്ങൾക്കുകൂടി 2017- ലെ ധനകാര്യ ബില്ലിലൂടെ ഭേദഗതി നിർദ്ദേശിച്ചിട്ടുണ്ട്. അവയൊക്കെത്തന്നെ തീർത്തും അനിവാര്യമായ ഭേദഗതികളുമാണ്. ശ്രീ. വി. ഡി. സതീശൻ ഇവിടെ ഉന്നയിച്ചതുൾപ്പെടെയുള്ള വിഷയങ്ങൾ സംബന്ധിച്ച് കൂടുതൽ പരിശോധന

ആവശ്യമാണെങ്കിൽ അത് സബ്ജക്ട് കമ്മിറ്റിയിൽ നടത്താവുന്നതുമാണ്. ഈ സാഹചര്യത്തിൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ലെന്ന് റൂൾ ചെയ്യുന്നു.